പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.*716 — 04.11.2016-ൽ മറുപടിക്ക്

**റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം**

ചോദ്യം — ഉത്തരം

ശ്രീ.യു. ആർ. പ്രദീപ്
,, വി. കെ. സി. മമ്മത് കോയ
,, എം. മുകേഷ്
,, ഡി.കെ. മുരളി

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓരോ ജില്ലയിലും ഫണ്ടിലുള്ള തുകയെത്രയെന്നും അവയുടെ വിനിയോഗവും പരിശോധിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഓരോ ജില്ലയിലെയും ആർ.എം.എഫ് -ൽ ഉള്ള നീക്കിയിരിപ്പ് തുകയുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു. ഇവയുടെ വിനിയോഗം പരിശോധിച്ചിട്ടുണ്ട്. (1) തിരുവനന്തപുരം ജില്ലയിൽ 49.5 ലക്ഷം രൂപായുടെ പ്രവർത്തികൾ നടന്നു വരുന്നു. (2) കൊല്ലം ജില്ലയിൽ നിലവിലെ ആർ.എം.എഫ് തുകയിൽ സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ച് നടന്നു കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കായി 10 കോടി 9 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. കൂടാതെ 7 നദീതീര സംരക്ഷണ പദ്ധതികൾക്ക് 6,97,60,000/- രൂപാ എസ്റ്റിമേറ്റ് നിശ്ചയിച്ചിട്ടുണ്ട്. (3) പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന 9 പാലങ്ങൾ പണിയുന്നതിനായി കൊല്ലം, തൃശ്ശൂർ ജില്ലകളിലെ ആർ.എം.എഫ് -ൽ നിന്നും 9 കോടി രൂപാ ലഭ്യമാക്കിയിട്ടുണ്ട്. (4) ആലപ്പുഴ ജില്ലയിൽ 17,80,000/- രൂപയുടെ പ്രവർത്തികൾ നടന്നു വരുന്നു. പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫണ്ടിൽ നിന്നും തുക നൽകുന്നതാണ്. (5) കോട്ടയം ജില്ലയിൽ 2015-16, 2016-17 കാലയളവുകളിൽ ആർ.എം.എഫ് വിനിയോഗിച്ച് 14 പദ്ധതികൾ നടത്തുന്നതിന് 151.05/- ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും 6 പദ്ധതികൾ പൂർത്തിയാക്കിയതിന് 58,49,978/- രൂപാ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (6) ഇടുക്കി ജില്ലയിൽ 2015-16 കാലയളവിൽ വിവിധ പദ്ധതികൾക്കായി 40,76,525/- രൂപാ . ചെലവഴിച്ചിട്ടുണ്ട്. (7) എറണാകുളം ജില്ലയിൽ 15,67,00,101/- രൂപായുടെ പ്രവർത്തികൾ നടന്നു വരുന്നുണ്ട്. (8) തൃശ്ശൂർ ജില്ലയിൽ 17 പദ്ധതികൾക്കുള്ള അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. (9) മലപ്പുറം ജില്ലയിൽ ആർ.എം.എഫ് ഉപയോഗിച്ച് വിവിധ പദ്ധതികൾക്കായി സർക്കാർ ഭരണാനുമതി നൽകിയ പ്രവർത്തികൾ പുരോഗതിയിലാണ്. 11 പദ്ധതികൾക്ക് അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 10) പാലക്കാട് ജില്ലയിൽ സർക്കാർ അംഗീകാരം നേടി പദ്ധതികൾ പൂർത്തീകരിച്ച് 5 പദ്ധതികൾക്ക് 1.57 കോടി രൂപായോളം അനുവദിക്കേണ്ടതായിട്ടുണ്ട്. 11) കോഴിക്കോട് ജില്ലയിൽ |

| | | | |
|---|---|---|---|
| | | | ആർ.എം.എഫ് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവർത്തികളുടെ തുകകൾ വിതരണം ചെയ്യേണ്ടതുണ്ട്. കൂടാതെ പ്രവൃത്തികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 12) വയനാട് ജില്ലയിൽ നിലവിൽ പ്രവർത്തികൾ നടന്നു വരുന്നവയൊന്നുമില്ല. 13) കണ്ണൂർ ജില്ലയിൽ 246.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവർത്തികൾ പുരോഗമിക്കുന്നു. 14) കാസർഗോഡ് ജില്ലയിൽ 183 ലക്ഷം രൂപ നടപ്പാലങ്ങളുടെ ആർ.എം.എഫ് വിഹിതമായി നൽകേണ്ടതുണ്ട്. കൂടാതെ തൂക്കുപാലം നിർമ്മിക്കാനായി 136 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | അനധികൃത മണൽവാരൽ തടയുന്നതിന് മുൻ സർക്കാർ നദീതീര സംരക്ഷണ സേന രൂപീകരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ഇങ്ങനെ പ്രത്യേക സേന രൂപീകരിക്കാനായി ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നദീതീര സംരക്ഷണ സേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. പ്രത്യേക സേന രൂപീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| നം. | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 2,35,33,000.00 |
| 2 | കൊല്ലം | 17,07,72,942.00 |
| 3 | പത്തനംതിട്ട | 9,35,33,479.00 |
| 4 | ആലപ്പുഴ | 29,89,396.00 |
| 5 | കോട്ടയം | 57,44,011.00 |
| 6 | ഇടുക്കി | 5,10,97,604.00 |
| 7 | എറണാകുളം | 13,39,19,681.00 |
| 8 | തൃശ്ശൂർ | 21,96,14,990.00 |
| 9 | മലപ്പുറം | 53,65,80,348.00 |
| 10 | പാലക്കാട് | 14,60,00,000.00 |
| 11 | കോഴിക്കോട് | 14,00,00,000.00 |
| 12 | വയനാട് | 2,42,86,523.00 |
| 13 | കണ്ണൂർ | 4,88,00,000.00 |
| 14 | കാസർഗോഡ് | 3,19,32,913.00 |
| | ആകെ | 162,88,04,887.00 |

A

സെക്ഷൻ ഓഫീസർ